**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 26** **16-09-2025 - ൽ മറുപടിയ്ക്ക്**

**എം. എസ്. സി. എൽസ-3 കപ്പൽ തകർന്നതിനെ തുടർന്നുണ്ടായ പാരിസ്ഥിതിക പ്രശ്നം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള തീരത്ത് എം. എസ്. സി. എൽസ-3 എന്ന കപ്പൽ കണ്ടെയ്നറുകളുമായി മുങ്ങിയ സംഭവത്തെ തുടർന്ന് കടലിലും തീരത്തും ഉണ്ടായ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് പ്രത്യേക സമിതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കപ്പൽ മുങ്ങിയതിനെ തുടർന്ന് ഉണ്ടായ പാരിസ്ഥിതിക ആഘാതം വിലയിരുത്തുന്നതിനും പുന:സ്ഥാപിക്കലിനും, പരിഹാര നടപടികൾക്കും പരിസ്ഥിതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ പ്രിൻസിപ്പൽ ഇംപാക്ട് അസ്സെസ്സ്മെന്റ് ഓഫീസർ ആയി നിയോഗിച്ചിട്ടുണ്ട്. പാരിസ്ഥിതിക ആഘാതം വിലയിരുത്തുന്നതിനായി ടേംസ് ഓഫ് റഫറൻസ് തയ്യാറാക്കി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫി (NIO) ക്ക് 17.06.2025-ന് സമർപ്പിച്ചിരുന്നു. NIO സമർപ്പിച്ച പ്രൊപ്പോസൽ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് രൂപീകരിച്ച ഒരു വിദഗ്ധ സമിതി അവലോകനം ചെയ്തു. പാരിസ്ഥിതിക നാശനഷ്ടങ്ങളുടെ വ്യാപ്തി വിലയിരുത്തുന്നതിനായി ഒരു ദീർഘകാല പഠനം നടത്തുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് CSIR-NIO യുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പഠനത്തിന്റെ പ്രാഥമിക റിപ്പോർട്ട് ലഭ്യമായിട്ടില്ല. മത്സ്യബന്ധന മേഖലയിൽ ഉണ്ടായേക്കാവുന്ന നഷ്ടം ഉൾപ്പെടെയുള്ള പാരിസ്ഥിതിക നാശനഷ്ടങ്ങളുടെ പഠനത്തിനും കൂടിയാണ് NIO-യെ നിയോഗിച്ചിരിക്കുന്നത്. നഷ്ടപരിഹാരം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ബഹു. ഹൈക്കോടതിയിൽ അഡ്മിറൽറ്റി സ്യൂട്ടും (Admi. S.No. 12/2025) സർക്കാർ ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) | സമിതിയുടെ പ്രാഥമിക റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | (ബി) | കപ്പൽ മുങ്ങിയതിനെ തുടർന്ന് ഉണ്ടായ പാരിസ്ഥിതിക ആഘാതം വിലയിരുത്തുന്നതിനും പുന:സ്ഥാപിക്കലിനും, പരിഹാര നടപടികൾക്കും പരിസ്ഥിതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ പ്രിൻസിപ്പൽ ഇംപാക്ട് അസ്സെസ്സ്മെന്റ് ഓഫീസർ ആയി നിയോഗിച്ചിട്ടുണ്ട്. പാരിസ്ഥിതിക ആഘാതം വിലയിരുത്തുന്നതിനായി ടേംസ് ഓഫ് റഫറൻസ് തയ്യാറാക്കി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് |

| | | | |
|---|---|---|---|
| | | | ഓഷ്യാനോഗ്രഫി (NIO) ക്ക് 17.06.2025-ന് സമർപ്പിച്ചിരുന്നു. NIO സമർപ്പിച്ച പ്രൊപ്പോസൽ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് രൂപീകരിച്ച ഒരു വിദഗ്ധ സമിതി അവലോകനം ചെയ്തു. പാരിസ്ഥിതിക നാശനഷ്ടങ്ങളുടെ വ്യാപ്തി വിലയിരുത്തുന്നതിനായി ഒരു ദീർഘകാല പഠനം നടത്തുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് CSIR-NIO യുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പഠനത്തിന്റെ പ്രാഥമിക റിപ്പോർട്ട് ലഭ്യമായിട്ടില്ല. മത്സ്യബന്ധന മേഖലയിൽ ഉണ്ടായേക്കാവുന്ന നഷ്ടം ഉൾപ്പെടെയുള്ള പാരിസ്ഥിതിക നാശനഷ്ടങ്ങളുടെ പഠനത്തിനും കൂടിയാണ് NIO-യെ നിയോഗിച്ചിരിക്കുന്നത്. നഷ്ടപരിഹാരം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ബഹു. ഹൈക്കോടതിയിൽ അഡ്മിറൽറ്റി സ്യൂട്ടും (Admi. S.No. 12/2025) സർക്കാർ ഫയൽ ചെയ്തിട്ടുണ്ട്. |
| (സി) | ഈ കപ്പലപകടം മൂലം മത്സ്യത്തൊഴിലാളികൾക്കുണ്ടായ നഷ്ടവും തീരം വൃത്തിയാക്കാൻ വേണ്ടി വരുന്ന ചെലവും സമിതിയുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | കപ്പൽ മുങ്ങിയതിനെ തുടർന്ന് ഉണ്ടായ പാരിസ്ഥിതിക ആഘാതം വിലയിരുത്തുന്നതിനും പുന:സ്ഥാപിക്കലിനും, പരിഹാര നടപടികൾക്കും പരിസ്ഥിതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ പ്രിൻസിപ്പൽ ഇംപാക്ട് അസ്സെസ്സ്മെന്റ് ഓഫീസർ ആയി നിയോഗിച്ചിട്ടുണ്ട്. പാരിസ്ഥിതിക ആഘാതം വിലയിരുത്തുന്നതിനായി ടേംസ് ഓഫ് റഫറൻസ് തയ്യാറാക്കി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫി (NIO) ക്ക് 17.06.2025-ന് സമർപ്പിച്ചിരുന്നു. NIO സമർപ്പിച്ച പ്രൊപ്പോസൽ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് രൂപീകരിച്ച ഒരു വിദഗ്ധ സമിതി അവലോകനം ചെയ്തു. പാരിസ്ഥിതിക നാശനഷ്ടങ്ങളുടെ വ്യാപ്തി വിലയിരുത്തുന്നതിനായി ഒരു ദീർഘകാല പഠനം നടത്തുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് CSIR-NIO യുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പഠനത്തിന്റെ പ്രാഥമിക റിപ്പോർട്ട് ലഭ്യമായിട്ടില്ല. മത്സ്യബന്ധന മേഖലയിൽ ഉണ്ടായേക്കാവുന്ന നഷ്ടം ഉൾപ്പെടെയുള്ള പാരിസ്ഥിതിക നാശനഷ്ടങ്ങളുടെ പഠനത്തിനും കൂടിയാണ് NIO-യെ നിയോഗിച്ചിരിക്കുന്നത്. നഷ്ടപരിഹാരം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ബഹു. ഹൈക്കോടതിയിൽ അഡ്മിറൽറ്റി സ്യൂട്ടും (Admi. S.No. 12/2025) സർക്കാർ ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ